# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2923

10.03.2017-ൽ മറുപടിയ്ക്ക്

## വഴയില-പഴകുറ്റി-കച്ചേരിനട-പത്താംകല്ല് നാലുവരി പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച വഴയില — പഴകുറ്റി - കച്ചേരിനട - പത്താംകല്ല് നാലുവരി പാതയ്ക്ക് ഇൻവെസ്റ്റിഗേഷൻ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച വഴയില — പഴകുറ്റി - കച്ചേരിനട - പത്താംകല്ല് നാലുവരി പാതയ്ക്ക് ഇൻവെസ്റ്റിഗേഷൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ഏജൻസി ഏതാണെന്നും എന്നത്തേക്ക് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാകുമെന്നും അറിയിക്കുമോ; | (ബി), (സി), & (ഡി) M/s. റൂബി സോഫ്റ്റ് ടെക് ആണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ഏജൻസി. ഇൻവെസ്റ്റിഗേഷനു ശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കേണ്ടത് പൊതു മരാമത്ത് വകുപ്പ് ആണ്.<br>അലൈൻമെന്റിന് അംഗീകാരം നൽകി, ഏപ്രിൽ മാസത്തോടെ സർവ്വെ നടപടികൾ ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 2018 മെയ് മാസത്തോടു കൂടി കരാർ ക്ഷണിക്കുവാൻ ആകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ തിരുവനന്തപുരം - തെൻമല റോഡ് പുതിയ ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് നൽകിയിരിക്കുകയാണ്. ആയതിന്മേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം വരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) ഇൻവെസ്റ്റിഗേഷനു ശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നത് പൊതു മരാമത്ത് വകുപ്പ് ആണോ എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) എന്നത്തേക്ക് സർവ്വേ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ